**60 വർഷമായി തൃശൂർ നഗരത്തിന്റെ മാലിന്യം വഹിക്കുന്ന ലാലൂരിന് മോചനം നൽകാനും നഗരത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കാനുമായി ഡോ. പത്തിയൂർ ഗോപിനാഥ് തയ്യാറാക്കിയ ലാലൂർ മാതൃകാ പദ്ധതിയിൽ വ്യക്തതയേക്കാളേറെ വിഷയത്തോടുള്ള ആത്മാർത്ഥത മാത്രമാണ് മുഴച്ച് നിൽക്കുന്നതെന്ന് മാലിന്യസംസ്കരണ വിദഗ്ധൻ ഷിബു. കെ. നായർ**

# പത്തിയൂർ ഗോപിനാഥിന്റെ ലാലൂർ പദ്ധതി വെറും ആദർശ പ്രസംഗം

തൃശൂർ നഗരത്തിന്റെ മാലിന്യം പേറാൻ വിധിക്കപ്പെട്ട ലാലൂരിന് മോചനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. പത്തിയൂർ ഗോപിനാഥ് തയ്യാറാക്കിയ ലാലൂർ മാതൃകാ പദ്ധതി വെറും ആദർശ പ്രസംഗം മാത്രമാണ്. പദ്ധതി രേഖയ്ക്ക് വേണ്ട വ്യക്തതയേക്കാളേറെ വിഷയത്തോടുള്ള ആത്മാർത്ഥത മാത്രമാണ് അതിൽ മുഴച്ച് നിൽക്കുന്നത്.

**ലക്ഷ്യം**

പ്രസ്തുത പദ്ധതി എങ്ങനെയാണ് തൃശൂർ നഗരസഭയിലെയും ലലൂരിലെയും മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതിനുള്ള വിശ്വസനീയമായ വിവരങ്ങളോ വിശദപദ്ധതി രേഖയിൽ കാണുന്നില്ല.

ജനങ്ങളുടെ കാഴ്ചപ്പാടിലും പെരുമാറ്റ രീതിയിലും മാറ്റം വരുത്തുന്ന പ്രചാരണ -ബോധവൽകരണ-വിദ്യാഭ്യാസ പരിപാടികൾ, മാലിന്യ സംസ്കരണത്തിനുള്ള വികേന്ദ്രീകൃത അടിസ്ഥാന സൗകര്യങ്ങൾ, ഇവ നടപ്പിലാക്കുന്നതിനു ജനകീയപങ്കാളിത്തം ഉറപ്പാക്കുന്ന സംഘടനാ സംവിധാനങ്ങൾ, ഭാവിയിലെ മാലിന്യങ്ങളുടെ തോത് കുറക്കുന്നതിനു ഉതകുന്ന നയങ്ങൾ ഇതെല്ലാം കൂടി ചേരുമ്പോഴാണ് സമഗ്രമായ മാലിന്യ സംസ്കരണ പദ്ധതി ഉണ്ടാകുന്നത്.

ലാംപ്സിൽ ഈ വക കാര്യങ്ങളൊക്കെ അവ്യക്തമായും ദിശാബോധമില്ലതെയും നൽകിയിരിക്കുന്നു. ലാലൂരിലെയും തൃശൂരിലെയും മാലിന്യ പ്രശ്നങ്ങളെ കുറിച്ചുള്ള ശാസ്ത്രീയവും വസ്തു നിഷ്ഠവുമായ പഠനങ്ങളുടെ പിൻബലം ഇല്ലാത്തതു കൊണ്ടാണ് ഇത് സംഭവിച്ചിരിക്കുന്നത്. ഇത്രയും വലിയ ഒരു പദ്ധതി ഇത്ര അവ്യക്തമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുമ്പോൾ പരാജയ സാധ്യത വളരെ കൂടുതൽ ആയിരിക്കും.

**ഘടന**

പദ്ധതി രേഖയുടെ ഘടന വളരെ വിചിത്രമാണ്. സാങ്കേതിക വിവരങ്ങൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ പിൻബലമില്ലാത്ത ആരോപണങ്ങളും, അവകാശവാദങ്ങളും, പൊങ്ങച്ചം പറച്ചിലും കൂടിക്കുഴഞ്ഞ ഒരു മൈതാന പ്രസംഗം മാ

ത്രമായി ഇത് മാറുന്നു. രണ്ടു ഭാഗങ്ങളിലായി തയ്യാറാക്കപ്പെട്ടിരിക്കുന്ന ഈ പദ്ധതി രേഖയുടെ ഈ രണ്ടു ഭാഗങ്ങളും തമ്മിൽ കാര്യമായ വ്യത്യാസമൊന്നും ഇല്ല. അതായത് ഒരേ കാര്യങ്ങളെ കുറിച്ച് രണ്ടു ഭാഗങ്ങളിലും ഉപരിപ്ലവമായ വിവരങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. അത് രണ്ടും ചേർത്ത് വെച്ചാൽ പോലും വ്യക്തത ലഭിക്കുന്നുമില്ല.



മാലിന്യ പ്രശ്നത്തിന്റെ വലിപ്പം, സങ്കീർണത, മാലിന്യത്തിന്റെ ഘടന, അളവ്, തോത് എന്നിവയെക്കുറിച്ചൊന്നും വ്യക്തമായ അടിത്തറയുള്ള ശരിയായ വിവരങ്ങൾ ഈ പദ്ധതി രേഖയിൽ ലഭ്യമല്ല.

ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളെക്കുറിച്ചോ അതിന്റെ ഗുണദോഷങ്ങളെ കുറിച്ചോ പദ്ധതി ഒന്നും പറയുന്നില്ല. ഇതിൽ പരാമർശിക്കുന്ന സാങ്കേതികവിദ്യാ രീതികൾ ഉപയോഗിക്കുമ്പോൾ ഏതൊക്കെ മാലിന്യങ്ങൾ എത്ര അളവിൽ സംസ്കരിക്കപ്പെടും എന്നോ ഇതിനിടയിൽ പരിസര മലിനീകരണം ഒഴിവാക്കാൻ എന്ത് കരുതൽ എടുക്കുമെന്നോ ഉള്ള സാങ്കേതിക വിവരങ്ങളും ഇല്ല.

കൃത്യമായി എത്ര സംസ്കരണ യൂണിറ്റുകൾ വേണമെന്നോ ഓരോന്നിന്റെയും വലുപ്പം, പ്രവർത്തന രീതി, യഥാർത്ഥ ചെലവ്, വേണ്ടിവരുന്ന മാനവ വിഭവശേഷി എന്നിവയെക്കുറിച്ചും ഒരു വിവരവും ലഭ്യമല്ല.

കൃത്യമായി എന്തൊക്കെ യന്ത്രസംവിധാനങ്ങൾ? എന്തൊക്കെ ഉപകരണങ്ങൾ? എത്രയെണ്ണം? ചെലവ് എത്ര? എന്നീ വിവരങ്ങളും ലഭ്യമല്ല.

ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സംഘടന സംവിധാനം ഇപ്രകാരം ആയിരിക്കുമെന്നും അതിൽ ഓരോരുത്തരുടെയും കാര്യശേഷിയും ഉത്തരവാദിത്തങ്ങളും എന്തായിരിക്കുമെന്നും പറയുന്നില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് എങ്ങനെ ആയിരിക്കുമെന്നോ, ഇതിൽ ജനങ്ങളുടെ പങ്കാളിത്തം ഏതു വിധം ആയിരിക്കുമെന്നോ സൂചിപ്പിച്ചിട്ടില്ല. പദ്ധതിയുടെ ധന വിനിയോഗം എങ്ങനെ? ആര് വഴിക്ക്? എന്നും വ്യക്തമല്ല. പണം ലഭ്യമാക്കുന്നതിനും അവ്യക്തമായ ചില ഉറപ്പുകൾ മാത്രമേ

**മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പല പദ്ധതികളും പരാജയപ്പെടാനുള്ള കാരണം ജനകീയ പങ്കാളിത്തത്തിന്റെ കുറവാണെന്ന് മുൻകാല അനുഭവങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. മുകൾത്തട്ടിൽ നിന്നും താഴേക്കല്ല, താഴെത്തട്ടിൽ നിന്നും മുകളിലേക്ക് നടപ്പിലാക്കിയാൽ മാത്രമേ മാലിന്യ നിർമ്മാർജ്ജനം വിജയകരമാകൂ. ആ രീതിയിൽ വികേന്ദ്രീകൃതമായ ഒരു മാതൃക അവതരിപ്പിക്കാൻ പത്തിയൂരിന്റെ പദ്ധതിക്ക് കഴിഞ്ഞിട്ടില്ല**

നൽകിയിട്ടുള്ളൂ. ഗുണഭോക്താക്കളുടെ സംഭാവന പങ്കാളിത്തം ഇവ ഏതുവിധമാണെന്നും പരാമർശിക്കപ്പെട്ടിട്ടില്ല.

## ഉള്ളടക്കം

വെറും വാചക കസർത്ത് മാത്രം ഉള്ള ഈ പദ്ധതി രേഖയിൽ സ്ഥിതി വിവര കണക്കുകൾ കമ്മിയാണ്. അബദ്ധ ജടിലങ്ങളും അപക്വവുമായ പ്രസ്താവങ്ങളും വിശ്വസനീയമല്ലാത്ത സ്ഥിതി വിവരങ്ങളും ആണ് ഇതിലെ ഉള്ളടക്കം. ചില സാങ്കേതിക വിദ്യകളാകട്ടെ, ഔദ്യോഗികമായോ ശാസ്ത്രീയമായോ അംഗീകരിക്കപ്പെട്ടതോ അനുവദിക്കപ്പെട്ടതോ അല്ല. ചട്ടി ചൂളയും ഇമ്പ്രൂവ്ട് ചൂളയും ഈ ഗണത്തിൽ പെടുന്നു. കംപോസ്റിംഗ് മാത്രം ലക്ഷ്യമാക്കി ഉള്ള ഈ പദ്ധതിയിൽ മറ്റു മാലിന്യങ്ങളുടെ കൈകാര്യത്തെക്കുറിച്ച് ചില അനുമാനങ്ങളോ ഊഹാങ്ങളോ മാത്രമേ ഉള്ളൂ. നിർഭാഗ്യവശാൽ 'ഞാൻ' മുഴച്ചു നിൽക്കുന്ന ഈ പദ്ധതി രേഖ നിലവിലെ ജനകീയാസൂത്രണത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നില്ല എന്ന് മാത്രവുമല്ല നിലവിലെ ചില നടപടി ക്രമങ്ങളെ ബൈപാസ് ചെയ്യുന്നുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

## ജനകീയ പങ്കാളിത്തം

മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പല പദ്ധതികളും പരാജയപ്പെടാനുള്ള കാരണം ജനകീയ പങ്കാളിത്തത്തിന്റെ കുറവാണെന്ന് മുൻകാല അനുഭവങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. മുകൾത്തട്ടിൽ നിന്നും താഴേക്കല്ല, താഴെത്തട്ടിൽ നിന്നും മുകളിലേക്ക് നടപ്പിലാക്കിയാൽ മാത്രമേ മാലിന്യ നിർമ്മാർജ്ജനം വിജയകരമാകൂ. ആ രീതിയിൽ വികേന്ദ്രീകൃതമായ ഒരു മാതൃക അവതരിപ്പിക്കാൻ പത്തിയൂരിന്റെ പദ്ധതിക്ക് കഴിഞ്ഞിട്ടില്ല. വീകേന്ദ്രീകൃത പദ്ധതി എന്ന് അവകാശവാദം പറയുക മാത്രമല്ല വേണ്ടത്. പദ്ധതിയിൽ ജനങ്ങളുടെ റോൾ എന്താണെന്ന് വ്യക്തമാക്കണം. ജനങ്ങളുടെ മാത്രമല്ല, കോർപ്പറേഷന്റെയും മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെയും റോൾ എന്താണെന്നും പത്തിയൂരിന്റെ പദ്ധതിയിൽ വിശദീകരിക്കുന്നില്ല. ഭരണസംവിധാനത്തിൽ ജനങ്ങളുടെ പങ്കാളിത്തം കൂട്ടുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന ലക്ഷ്യം. അതിൽ നിന്നും വ്യതിചലിച്ച് കുറുക്കുവഴിയിലൂടെ പരിഹാരം കാണാനാണ് പത്തിയൂർ പദ്ധതി ശ്രമിക്കുന്നത്. പ്രാദേശിക സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങാനുള്ള പത്തിയൂരിന്റെ പ്ലാൻ കൂടുതൽ ലാലൂരുകൾ സൃഷ്ടിക്കാൻ കാരണമാകും.

## കൂടുതലും അനുമാനങ്ങൾ

വിശ്വനീയമായ രേഖകളുടെ അടിസ്ഥാനത്തിലല്ല പദ്ധതിയിൽ പല കാര്യങ്ങളും വിശദീകരിച്ചിരിക്കുന്നത്. പലതും അനുമാനങ്ങൾ മാത്രമാണ്. മാലിന്യങ്ങൾ കത്തിക്കുന്ന ചാരം കൃഷിക്ക് ഉപയോഗിക്കാം എന്നെല്ലാം പറയുമ്പോൾ കൃഷി ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം കൂടി തിരയണം. അപ്പോഴാണ് പദ്ധതിക്ക് ശാസ്ത്രീയ അടിത്തറയുണ്ടാകുന്നത്. മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന ചാരം ടോക്സി

ക് ആഷ് ആണോ എന്ന് പരിശോധിച്ച ശേഷം മാത്രമേ കൃഷിക്ക് ഉപയോഗിക്കാൻ കഴിയൂ. പരിശോധന നടത്താൻ വിദഗ്ദ്ധന്മാരുടെ സഹായം തേടുമെന്നൊന്നും പത്തിയൂരിന്റെ പദ്ധതിയിൽ പറയുന്നില്ല.

## മാലിന്യത്തിന്റെ അളവ് കുറയ്ക്കണം

വാർഡ് തലത്തിൽ നേരിട്ടുള്ള പഠനം നടത്തിയ ശേഷം വേണം മാലിന്യ സംസ്കരണം ഏത് തരത്തിൽ നടത്തണമെന്ന് തീരുമാനിക്കേണ്ടത്. കൗൺസിലർമാരുടെ സഹായത്തോടെ വാർഡ് സഭകൾ കൂടി അതാത് വാർഡിലെ മാലിന്യങ്ങൾ എങ്ങിനെ കൈകാര്യം ചെയ്യാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യണം. മാലിന്യത്തിന്റെ അളവ് എങ്ങിനെ കുറയ്ക്കാം എന്നതാണ് പ്രധാനം. മാലിന്യം എങ്ങിനെ സംസ്കരിക്കാം എന്ന ആലോചന ലാലൂരിനെ രക്ഷപെടുത്തുകയില്ല. മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുള്ള നടപടികളെ കോർപ്പറേഷൻ ആലോചിക്കണം. പ്ലാസ്റ്റിക് സഞ്ചികളും ഗ്ലാസുകളും നിരോധിക്കണം. കുടുംബശ്രീക്കാരെക്കൊണ്ട് മാലിന്യം ശേഖരിപ്പിക്കുന്നത് നിർത്തണം. പ്ലാസ്റ്റിക് ഒഴിവാക്കുന്നതിന്റെയും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെയും ഭാഗമായി വാടകയ്ക്ക് കൊടുക്കാനുള്ള സ്റ്റീൽ ഗ്ലാസും പാത്രവും കുടുംബശ്രീക്കാർക്ക് വാങ്ങിക്കൊടുത്ത് പ്ലാസ്റ്റിക് ഗ്ലാസുകളുടെയും പാത്രങ്ങളുടെയും ഉപയോഗം കുറയ്ക്കാനുള്ള പരിപാടികളിൽ പങ്കെടുപ്പിക്കണം. അതിലൂടെ മാന്യമായ വരുമാനമാർഗ്ഗവും മാലിന്യം ചുമന്നുകൊണ്ട് നടക്കുന്നതിൽ നിന്നുള്ള മോചനവും കുടുംബശ്രീ പ്രവർത്തകർക്ക് ലഭിക്കും. പുനരുപയോഗത്തിലൂടെയും പുന:ചംക്രമണത്തിലൂടെയും മാലിന്യം കുറയ്ക്കാനുള്ള പരിപാടികളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വരണം. ഒരോ വർഷവും ലാലൂരിലേക്കെത്തുന്ന മാലിന്യങ്ങൾ കുറച്ച്, 10 വർഷം കൊണ്ട് ലാലൂർ പോലെയുള്ള ഒരു കേന്ദ്രീകൃത മാലിന്യ പദ്ധതി പൂർണ്ണമായും നിർത്താനുള്ള ദീർഘകാല പദ്ധതിയാണ് ഇനി വേണ്ടത്.

## തടസ്സമെന്ത്?

ഇത്തരം ആലോചനകൾക്കെല്ലാം തടസ്സമായി നിൽക്കുന്നത് കേരളത്തിൽ വളർന്ന് വരുന്ന ഉപഭോഗ സംസ്കാരമാണ്. വേഗത കൂടിയ ഒരു കൺസ്യൂമർ സ്റ്റേറ്റ് ആയി കേരളം മാറി. ജനങ്ങളുടെ ശീലങ്ങളും അതിനനുസരിച്ച് മാറി. വിദേശ ഉത്പന്നങ്ങൾ വാങ്ങാൻ വലിയ താത്പര്യം കാണിക്കുന്ന മലയാളി വിദേശികൾ പാലിക്കുന്ന മര്യാദകാണിക്കാൻ മടിക്കുന്നു. പഞ്ചായത്തിന് അധികാരം നൽകാനുള്ള വിമുഖതയാണ് മറ്റൊരു പ്രശ്നം. രാഷ്ട്രീയത്തോടുള്ള അവജ്ഞ പൊതുജനത്തിന്റെ ഇടയിൽ കൂടുന്നതും പ്രശ്നമാണ്. പഞ്ചായത്തും മുനിസിപ്പാലിറ്റിയുമൊക്കെ ബിപിഎല്ലുകാർക്ക് മാത്രമുള്ളതാണെന്ന മനോഭാവം മിഡിൽക്ലാസിനിടയിൽ കൂടിവരുന്നു. പഞ്ചായത്ത് കൊണ്ടുവരുന്ന നിയമം പാലിക്കേണ്ടതില്ല എന്ന തോന്നലും അതുകൊണ്ടുതന്നെ കൂടുന്നു. ജനങ്ങൾക്ക് തീരുമാനമെടുക്കാൻ കഴിയുന്ന ഗ്രാമസഭ പോലെയുള്ള സംവിധാനങ്ങളെ ആരും പ്രയോജനപ്പെടുത്തുന്നില്ല.

## ഉടൻ ചെയ്യേണ്ടത്

ഡിസ്പോസിബിൾ ഗ്ലാസുകൾ നിരോധിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉത്പാദകർ തന്നെ തിരിച്ചെടുക്കുന്ന തരത്തിൽ നിയമം കൊണ്ടുവരണം. വേസ്റ്റ് മാനേജ്മെന്റിനുള്ള സംവിധാനങ്ങളൊരുക്കുക എന്നത് ബിൽഡിംഗ് റൂളിന്റെ ഭാഗമാക്കി മാറ്റണം. മാലിന്യം ചുമക്കലിൽ നിന്നും കുടുംബശ്രീക്കാരെ ഒഴിവാക്കുക. പകരം എല്ലാ വീടുകളിലും കമ്പോസ്റ്റ് നിർമ്മിക്കുന്നതിനും അതിന് മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല അവരെ ഏൽപ്പിക്കണം. ആക്രിക്കച്ചവടക്കാരുടെ പ്രാദേശിക ശൃംഖല ശക്തിപ്പെടുത്തി പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിൽ അവരെ പങ്കാളികളാക്കണം.

## വിളപ്പിൽശാല പഠിപ്പിച്ച പാഠങ്ങൾ

മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുക എന്നാണ് മാലിന്യസംസ്കരണ പദ്ധതികളെല്ലാം പറയുന്നത്. വേർതിരിച്ച് ശേഖരിക്കൽ നടക്കില്ല എന്നതിന് ഉദാഹരണമാണ് വിളപ്പിൾശാല. വിളപ്പിൽ പദ്ധതി പരാജയപ്പെട്ടപ്പോൾ കോർപ്പറേഷന് തിരിച്ചറിവുണ്ടായി. മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയാണ് പ്രധാനമെന്ന് അവർ ചിന്തിച്ച് തുടങ്ങി. പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള പ്രചരണ, ബോധവത്കരണ പരിപാടികൾ കോർപറേഷൻ ആരംഭിച്ചു. വേർതിരിച്ച മാലിന്യങ്ങൾ മാത്രമേ ശേഖരിക്കാവൂ എന്ന് കുടുംബശ്രീക്കാർ കർശന നിർദ്ദേശം നൽകി. മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുകയും കോർപ്പറേഷൻ നേരിട്ട് ശേഖരിക്കുന്നത് കുറയ്ക്കുയും ചെയ്യുകയാണ് വിളപ്പിൽശാലയ്ക്ക് പരിഹാരമെന്ന് തിരിച്ചറിഞ്ഞ അവർ പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് വാർഡുകളിൽ വീടുകളിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനുള്ള പരിപാടി ആരംഭിച്ചു. പ്രതീക്ഷിച്ച ഫലം കിട്ടുകയാണെങ്കിൽ മറ്റ് വാർഡുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കും.

'നഗരത്തിൽ ഒരു നാട്ടിൻപുറം' എന്ന പേരിൽ ഒരു പദ്ധതി വിജയകരമായി തിരുവനന്തപുരം നഗരത്തിൽ മുൻപ് നടത്തിയിട്ടുണ്ട്. കൃഷി വകുപ്പ് നേരിട്ട് നടത്തിയിരുന്ന പദ്ധതി വീടുകളിൽ പച്ചക്കറി കൃഷി നടത്തുന്നതിനാണ് ഊന്നൽ നൽകിയിരുന്നതെങ്കിലും മാലിന്യപ്രശ്നത്തിന് പരിഹാരവും അതിലൂടെയുണ്ടായി. കൃഷിവകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തോമസ് മാമനായിരുന്നു പദ്ധതിയുടെ ഉപജ്ഞാതാവ്. ഈ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി ചെയ്യാൻ താത്പര്യമുള്ള വീട്ടുകാർക്ക് കമ്പോസ്റ്റ് നിർമ്മിച്ചു കൊടുത്തിരുന്നു. കമ്പോസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ കോൺക്രീറ്റ് റിംഗ്, അടപ്പ്, മണ്ണിരകൾ, മണ്ണ്, പച്ചക്കറി വിത്തുകൾ എന്നിവയെല്ലാം വീട്ടുകാർക്ക് നൽകി. 1200 രൂപയോളം വിലവരുന്ന സാധനങ്ങൾ 500 രൂപയ്ക്കാണ് നൽകിയത്. ബാക്കി സബ്സിഡിയാണ്. കൂടാതെ കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പരിശീലനവും ടെക്നീഷ്യന്റെ സഹായവും കൃഷി വകുപ്പ് നൽകി. താത്പര്യമുള്ളവർക്ക് അപേക്ഷ നൽകാൻ ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ലായിരുന്നു. പച്ചക്കറി കൃഷിക്കായി താത്പര്യമെടുക്കുന്ന വീട്ടുകാർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടവരെ വിളിച്ചാൽ ടെക്നീഷ്യന്മാർ വീടുകളിലെത്തി കമ്പോസ്റ്റ് സ്ഥാപിച്ചുതരും. കൃഷിവകുപ്പും കോർപ്പറേഷനും തമ്മിലുള്ള ഒരുമ നഷ്ടമായതോടെ പദ്ധതി അവതാളത്തിലായി. 2000ൽ അധികം വീടുകളിലെ ജൈവമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്കരിക്കാൻ ഈ പദ്ധതി വഴി സാധിച്ചു. പല വീടുകളും കമ്പോസ്റ്റിംഗ് രീതി ഇപ്പോഴും തുടരുന്നുണ്ട്.